പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 297 09.03.2015-ൽ മറുപടിയ്ക്ക്

## ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട പരാതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീമതി.പി.അയിഷാ പോറ്റി | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | ദേശീയഗെയിംസിന്റെ ഒരുക്കങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന ആക്ഷേപങ്ങളെയും കെടുകാര്യസ്ഥതകളെയും സംബന്ധിച്ച് പരിശോധിക്കുകയുണ്ടായോ ; വിശദമാക്കാമോ ; | (എ) & (ബി) | ദേശീയ ഗെയിംസിന്റെ നടത്തിപ്പിൽ ക്രമക്കേടുകൾ ആരോപിച്ച് ശ്രീ.വി.ശിവൻകുട്ടി എം. എൽ. എ തുടങ്ങിയവർ പരാതി സമർപ്പിച്ചിട്ടുണ്ട് ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>35 -ാം ദേശീയ ഗെയിംസിന്റെ കണക്കുകൾ ആഡിറ്റ് നടത്തി റിപ്പോർട്ട് നൽകുന്നതിനായി സംസ്ഥാന ആഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഉന്നയിക്കപ്പെട്ട പരാതികൾ എന്തെല്ലാമായിരുന്നു ; അവ ഓരോന്നിന്റെയും കാര്യത്തില് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ : | | |
| (സി) | ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ ദേശീയഗെയിംസുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടായിരുന്നു ; അവയിൽ യഥാസമയവും ഇനിയും കൈവരിക്കാൻ സാധ്യമായിട്ടില്ലാത്തവ എന്തെല്ലാമാണ് ; | (സി) | ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനുമായി ഒപ്പുവച്ച ഹോസ്റ്റ് സിറ്റി കോൺട്രാക്ട് പ്രകാരം ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട് എല്ലാ നിർദ്ദേശങ്ങളും നടപ്പാക്കിയിട്ടുണ്ട്. |
| (ഡി) | ദേശീയഗെയിംസിന്റെ ഭാഗമായി എന്തെല്ലാം അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ലക്ഷ്യമിട്ടിരുന്നു ; അവയിൽ പൂർണ്ണമായി പൂർത്തീകരിക്കാൻ കഴിയാതെ പോയിട്ടുള്ളവ എന്തൊക്കെയാണ് ; | (ഡി) | വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |

(ഇ) ഗെയിംസിന്റെ വിവിധ കമ്മിറ്റികളിൽ നിന്ന് ആരെല്ലാം രാജിവെച്ചിട്ടുണ്ട് ;എന്തെല്ലാം കാരണങ്ങളാലാണ് രാജിവെച്ചത് ;

(ഇ) ദേശീയ ഗെയിംസ് കമ്മിറ്റികളിൽനിന്നും രാജിവച്ചവരുടെ പേരുവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു. ഗെയിംസ് നടത്തിപ്പ് സംബന്ധിച്ച് വിവിധ ആക്ഷേപങ്ങൾ പ്രചരിക്കപ്പെടുന്നതിനാലാണ് രാജി വയ്ക്കുന്നതെന്നാണ് ഭൂരിപക്ഷം പേരും അറിയിച്ചിട്ടുള്ളത്.

(എഫ്) ഒരുക്കങ്ങൾ വിലയിരുത്താൻ സംസ്ഥാനത്തെത്തിയ ഒളിമ്പിക് അസോസിയേഷൻ പ്രതിനിധികളും കായിക മന്ത്രാലയവും ഗെയിംസ് സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങൾ അറിയിച്ചിട്ടുണ്ടായിരുന്നുവെന്ന് വിശദമാക്കാമോ ?

(എഫ്) ദേശീയ ഗെയിംസ് സംഘടിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളിൽ ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷനും, കായികമന്ത്രാലയവും സംതൃപ്തി അറിയിക്കുകയുണ്ടായി.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ